11-12-2021

SATURDAY ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA


**Chief Editor : George Sebastian** **Editor : Dr Asha T T**

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) - 11/12/2021

1. കർഷകക്ഷേമനിധി ബോർഡിൽ അംഗത്വമെടുക്കാൻ കർഷകർക്ക് http://kfwfb.kerala.gov.in എന്ന വെബ് പോർട്ടൽ വഴി അപേക്ഷിക്കാം. നിലവിൽ കർഷക പെൻഷൻ ലഭിക്കുന്നവർക്ക് തുടർന്ന് ക്ഷേമനിധി മുഖേനയാണ് പെൻഷൻ ലഭിക്കുക. പതിനെട്ടിനും 55-നും ഇടയിൽ പ്രായമുള്ള, മൂന്നു വർഷത്തിൽ കുറയാതെ കൃഷി പ്രധാന ഉപജീവനമാർഗമായി സ്വീകരിക്കുകയും മറ്റേതെങ്കിലും ക്ഷേമനിധിയിൽ അംഗമല്ലാത്തവരുമായ കർഷകർക്ക് ഈ പദ്ധതിയിൽ അംഗമാകാം. 100 രൂപ രജിസ്ട്രേഷൻ ഫീസടച്ച് അപേക്ഷിക്കണം. അഞ്ച് സെന്റിൽ കുറയാതെയും 15 ഏക്കറിൽ കവിയാതെയും ഭൂമി കൈവശമുള്ള, അഞ്ചു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവരാകണം അപേക്ഷകർ. ഉദ്യാനകൃഷി, ഔഷധ സസ്യക്കൃഷി, നഴ്സറി നടത്തിപ്പ് എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നവർക്കും മത്സ്യം, അലങ്കാരമത്സ്യം, കക്ക, തേനീച്ച, പട്ടുനൂൽപ്പുഴു, കോഴി, താറാവ്, ആട്, മുയൽ, കന്നുകാലി ഉൾപ്പെടെയുള്ളവയെ പരിപാലിക്കുന്നവർക്കും അപേക്ഷിക്കാം. കുറഞ്ഞത് അഞ്ചു വർഷം അംശാദായം കുടിശ്ശികയില്ലാതെ അടച്ചശേഷം മരണമടയുന്നവരുടെ കുടുംബത്തിന് കുടുംബ പെൻഷൻ ലഭിക്കും.

2. എഫ്.പി.ഒ പ്രോത്സാഹന പദ്ധതി പ്രകാരം എസ്.എഫ്.എ.സി കേരള മുഖേന രൂപീകരിച്ച മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ ബ്ലോക്കിൽ സ്ഥിതിചെയ്യുന്ന പെരിന്തൽമണ്ണ ഫാർമർ പ്രൊഡ്യൂസർ കമ്പനിയിൽ മൂന്ന് വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ തസ്തികയിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. 25 വയസിനും 35 വയസിനും ഇടയിൽ പ്രായമുള്ള എം.ബി.എ/അഗ്രി ബിസിനസ് മാസ്റ്റേഴ്സ് ഡിഗ്രി, ബി.എസ്.സി അഗ്രി/ ബി.ടെക്ക് അഗ്രി/വെറ്ററിനറി/ ബി.എഫ്.എസ്.സി/ഗ്രാമീണ വികസനം/ മറ്റ് വിഷയങ്ങളിൽ ബിരുദം ഉള്ളവർക്ക് അപേക്ഷിക്കാം. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ പ്രവൃത്തി പരിചയവും യോഗ്യതയും തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ ബയോഡേറ്റയോടൊപ്പം perinthalmannafpcltd@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയയ്ക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **8075611914** എന്ന നമ്പരിൽ ബന്ധപ്പെടുക.

3. പെരുങ്കടവിള കൃഷിഭവൻ പരിധിയിലെ കാർഷിക ഉൽപ്പന്നങ്ങൾ തിരുവനന്തപുരം കോർപ്പറേഷൻ കൃഷിഭവന്റെ സഹായത്തോടെ ജനയുഗം പത്രമാഫീസിനുമുൻപിലെ അങ്കണത്തിൽ വച്ച് ഉച്ചയ്ക്ക് ഒരു മണിമുതൽ വൈകിട്ട് ആറുമണി വരെ എല്ലാ വെള്ളിയാഴ്ചയും കർഷകർ നേരിട്ട് വിപണനം നടത്തുന്നു. **വിളനിറവ്** എന്ന പേരിലറിയുന്ന ഈ കാർഷിക വിപണിയിൽ നാടൻ പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, വാഴക്കുല, വാഴക്കൂമ്പ്, വാഴപ്പിണ്ടി, കുടംപുളി, നാളികേരം, തേൻ, മുട്ട തുടങ്ങിയ നാടൻ കാർഷികോത്പ്പന്നങ്ങൾ വിൽപ്പനയ്ക്ക് സജ്ജമാണെന്ന് പെരുങ്കടവിള കൃഷി ഓഫീസർ അറിയിക്കുന്നു.

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ 45 ദിവസം പ്രായമായ ഗ്രാമശ്രീ മുട്ട കോഴിക്കുഞ്ഞുങ്ങൾ വില്പനയ്ക്കുണ്ട്. കുഞ്ഞൊന്നിനു 160 രൂപയാണ് വില. താൽപര്യമുള്ളവര് 9400483754 എന്ന ഫോൺ നമ്പറിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ ബന്ധപ്പെടുക.

5. തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട്, കൊല്ലം ജില്ലയിലെ ഇട്ടിവ, കരീപ്ര, ആലപ്പുഴ ജില്ലയിലെ തണ്ണീർമുക്കം, എറണാകുളം ജില്ലയിലെ കോട്ടുവള്ളി, കോട്ടയം ജില്ലയിലെ കറുകച്ചാൽ, കോഴിക്കോട് ജില്ലയിലെ കടലുണ്ടി, വേളം, കണ്ണൂർ ജില്ലയിലെ മങ്ങാട്ടിടം, പെരളശ്ശേരി തുടങ്ങിയിടങ്ങളിൽ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന ക്ഷീരഗ്രാമം പദ്ധതിയിലേയ്ക്കുള്ള അപേക്ഷകൾ **ksheerasree.kerala.gov.in** എന്ന പോർട്ടൽ മുഖാന്തിരം ഓൺലൈനായി ഈ മാസം 18 വരെ (**ഡിസംബർ** 18 വരെ) സമർപ്പിക്കാം.

**പരിശീലന പരിപാടികൾ**

6. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ഡിസംബർ 15, 16, 17 തീയതികളിൽ രാവിലെ 10 മണി മുതൽ **'കന്നുകാലികളിലെ രോഗങ്ങളും പ്രതിരോധ മാർഗങ്ങളും'** എന്ന വിഷയത്തിൽ പരിശീലന

പരിപാടികൾ സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്കായി **9400483754** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

7. മൃഗക്ഷേമവുമായി ബന്ധപ്പെട്ട പെറ്റ് ഷോപ്പ് റൂൾ, മാർക്കറ്റ് റൂൾ, നാട്ടാന പരിപാലന നിയമം, ഡോഗ് ബ്രിഡിംഗ് റൂൾ, പി സി എ ആക്ട്, എ ബി സി ഡോഗ് റൂൾ, പഞ്ചായത്ത് രാജ് ആക്ട് എന്നീ നിയമങ്ങളെ സംബന്ധിച്ചുള്ള ഒരു ബോധവത്ക്കരണ വെബിനാർ തിരുവനന്തപുരം ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ വച്ച് സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ **9995284127** എന്ന നമ്പരിൽ ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി **ഡിസംബർ 18** ആണ്.

8. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിനെ ബാധിക്കുന്ന രോഗങ്ങൾക്കെതിരെ സ്പ്രേയിങ് നടത്തുന്നതിലും സ്പ്രേയിങ് ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികളിലും ഇന്ന് (ഡിസംബർ 10 ന്) ഏകദിനപരിശീലനം നൽകുന്നു. കോവിഡ് പെരുമാറ്റച്ചട്ടങ്ങൾ പാലിച്ചുകൊണ്ടായിരിക്കും പരിശീലനം നടത്തുക. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പറിലോ **7994650941** എന്ന വാട്സ്ആപ്പ് നമ്പറിലോ training@rubberboard.org.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടാം.

## കാർഷിക നിർദ്ദേശങ്ങൾ

9. മാവിന്റെ കായീച്ചകളെ നിയന്ത്രിക്കുന്നതിനായി ഫെറമോൺ കെണി മാവ് പൂത്ത് കഴിയുമ്പോൾ മുതൽ വയ്ക്കുക. ഒരു കെണി ഉപയോഗിച്ച് മൂന്ന് മുതൽ നാല് മാസത്തോളം ആൺ ഈച്ചകളെ ആകർഷിച്ച് നശിപ്പിക്കാൻ കഴിയും. ഇതോടൊപ്പം അഴുകിയ പഴം/തുളസിയില തുടങ്ങിയവ ഉപയോഗിച്ചുള്ള ചിരട്ടകെണികളിൽ 2 മില്ലി മാലത്തിയോൺ ഒരു കിലോ മിശ്രിതത്തിന് എന്ന അളവിൽ ഉപയോഗിക്കുന്നത് ഗുണം ചെയ്യും. ഒരേക്കർ മാവിൻതോട്ടത്തിന് ചുരുങ്ങിയത് 5 എണ്ണം അല്ലെങ്കിൽ 25 മരങ്ങൾക്ക് ഒന്ന് അഥവാ ഒരു പുരയിടത്തിന് ഒന്ന് എന്ന ക്രമത്തിൽ കെണികൾ വെച്ചു കൊടുക്കേണ്ടതാണ്. കൊഴിഞ്ഞു വീഴുന്ന കണ്ണിമാങ്ങകൾ പെറുക്കിയെടുത്ത് നശിപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0487 – 2370773 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.